പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4573 — 18.05. 2017 ൽ മറുപടിക്ക്

**സ്ഥിരപ്പെടുത്തിയ കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾ**

ചോദ്യം

ശ്രീ.സി.കെ.ഹരീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി-.സെക്ഷനുകളുടെ കീഴിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും അവർ എത്ര-കാലമായി ജോലി ചെയ്തുവരികയാണെന്നും സെക്ഷൻ തിരിച്ച് വിവരങ്ങൾ നൽകാമോ; | (എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത പ്രവൃത്തിക്ക് ചിലവാകാൻ സാധ്യതയുള്ള തുക മുൻകൂട്ടി കണക്കാക്കി പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരി ക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ / ദർഘാസുകൾ ക്ഷണിക്കുകയാണ് പതിവ്. ജോലിയുടെ സ്വഭാവമനുസരിച്ച് കരാറുകാരൻ നിശ്ചിത യോഗ്യതയുള്ളവരെക്കൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) അഞ്ച് വർഷം സർവ്വീസ് പൂർത്തിയാക്കിയ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) ഇല്ല. പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 2004 ഡിസംബർ 15-ലെ വിധിയും ആയതിന് അനുബന്ധമായി ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട സുപ്രീം കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികളുമനുസരിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിൽ കരാർ ജോലിയിൽ 2004 ഡിസംബർ 15-ന് മുമ്പുള്ള 5 വർഷക്കാലയളവിൽ 1200 ദിവസങ്ങൾ കരാർ ജോലി പൂർത്തീകരിച്ചിട്ടുള്ള പെറ്റി കോൺട്രാക്ടർ/ കോൺട്രാക്ട് വർക്കർമാരിൽ നിന്നും കോടതി ഉത്തരവ് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ലേബർ ഡിപ്പാർട്ട്മെന്റ് തെരഞ്ഞെടുത്തവരുടെ അന്തിമ ലിസ്റ്റ് സ്ഥിര നിയമനത്തിനുള്ള സ്യൂട്ടബിലിറ്റി ടെസ്റ്റ്, ഇന്റർവ്യൂ, ശാരീരിക യോഗ്യതാ പരിശോധന സാമുദായിക സംവരണ ക്രമം നിശ്ചയിക്കൽ എന്നീ തുടർ നടപടികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കെ.എസ്.ഇ.ബി ലിമിറ്റഡ് കൈമാറിയിട്ടുണ്ട്. മറ്റെന്തെങ്കിലും കാലയളവും യോഗ്യതകളും മാനദണ്ഡങ്ങളാക്കി കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. |
| (സി) ഈ സർക്കാർഅധികാരത്തിൽവന്നശേഷം കെ.എസ്.ഇ.-ബി.യിൽ എത്ര കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തി എന്നതിന്റെവിവരം ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ